LIBRARY ARCHIVES Kerala Legislative Assembly

പടന്നക്കാട് കാർഷിക കോളേജിലെ തസ്തികകൾ

213 (1583) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പടന്നക്കാട് കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കോളേജിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പടന്നക്കാട് കാർഷിക കോളേജിൽ 32 അധ്യാപക തസ്തികകൾക്കും 42 അനധ്യാപക തസ്തികകൾക്കുമാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) അനുവദിക്കപ്പെട്ട തസ്തികകളിലെ ഒഴിവുകൾ താഴെ വിവരിക്കും പ്രകാരമാണ് :

അനുവദിക്കപ്പെട്ട തസ്തിക	ഒഴിവ്
അസോസിയേറ്റ് ഡീൻ	1
പ്രൊഫസർ	2
അസോസിയേറ്റ് പ്രൊഫസർ	6
സെക്ഷൻ ഓഫീസർ (എച്ച്.സി & ഡി)	1
അസിസ്റ്റന്റ്	4
ടൈപ്പിസ്റ്റ്	1
ക്ലാസ് -4	11
ക്ലറിക്കൾ അസിസ്റ്റന്റ്/ ലാബ് അസിസ്റ്റന്റ്	3
ഹോസ്റ്റൽ മാനേജർ	1
ലൈബ്രറി അസിസ്റ്റന്റ്/ടെക്നിക്കൽ അസിസ്റ്റന്റ്/റഫറൻസ് അസിസ്റ്റന്റ്	2
ടെക്നീഷ്യൻ/ടെക്നിക്കൽ സൂപ്പർവൈസർ	1
ഡ്രൈവർ (എച്ച്.ഡി.വി.)	1
ഡ്രൈവർ (എൽ.ഡി.വി.)	1

852/2017.

(സി) സർവ്വകലാശാലയിലെ അധ്യാപക തസ്തികകളുടെ നിയമനവും യോഗ്യതകളും നിഷ്കർഷിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളായ എസ്.ആർ.ഒ. 264/72, എസ്.ആർ.ഒ. 1245/86 എന്നിവ 1986 യു.ജി.സി. പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ളതാണ്. 2006 യു.ജി.സി പദ്ധതിയനുസരിച്ചുള്ള ശമ്പള പരിഷ്കരണം 1-1-2006 മുതൽ കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ഇതുമായി ബന്ധപ്പെട്ട 2010 യു.ജി.സി. റെഗുലേഷൻസ് കേരള സർക്കാരും കേരള കാർഷിക സർവ്വകലാശാലയും അംഗീകരിച്ചിട്ടുണ്ട്. 2010 യു.ജി.സി. റെഗുലേഷൻസ് അനുസരിച്ചുള്ള മാനദണ്ഡ പ്രകാരം അധ്യാപക തസ്തികകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത് സർവ്വകലാശാല ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ അംഗീകാരം തേടേണ്ടതുണ്ട്. ഇതിനുവേണ്ട നടപടികൾ സർവ്വകലാശാലയുടെ വിവിധ സമിതികളിൽ നടന്നുവരികയാണ്. ടി ഭേദഗതി നിലവിൽ വന്നതിനുശേഷമേ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നിവയടക്കം സർവ്വകലാശാലയിലെ ഒഴിവുള്ള അധ്യാപക തസ്തികകളിലേയ്ക്ക് സ്ഥിരം നിയമനം നടത്താൻ സാധിക്കുകയുള്ളൂ.

18-12-2010-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 399/10/ഉ.വി.വ. പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാലയിലെ അനധ്യാപക വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ അനധ്യാപക വിഭാഗം ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള നിയമ ഭേദഗതിയും മറ്റു നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമേ ഒഴിവുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ

214 (1584) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ഇവിടങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly